**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **27-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബാദ്ധ്യതകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക, പി.ഡബ്ല്യൂഡി കോൺട്രാക്റ്റർ , ജലവിഭവ വകുപ്പ് കോൺട്രാക്ടർമാർ, ജീവനക്കാരുടെ ഡി.എ. കുടിശിക, സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുള്ള തുക, വിവിധ തരത്തിലുള്ള മറ്റ് കുടിശികകൾ എന്നിങ്ങനെ ഏതെല്ലാം ഇനങ്ങളിൽ, എത്ര തുക വീതം കൊടുത്ത് തീർക്കുവാൻ ബാധ്യതയുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 06.09.2020-ലെ സ.ഉ. (പി) നം. 118/2020/ധന. പ്രകാരം അതാത് മാസത്തെ പെൻഷൻ എല്ലാ മാസവും 20-ാം തീയതിക്കും 30-ാം തീയതിക്കുമിടയിൽ വിതരണം ചെയ്യുന്നതാണെന്ന് ഉത്തരവായിരുന്നു. അപ്രകാരം 2020 സെപ്റ്റംബർ മാസം മുതൽക്ക് പരമാവധി ആതാത് മാസം തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. 2023 ഡിസംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 23.02.2023-ലെ സ.ഉ. (സാധാ) നം. 1320/2023/ ധന. പ്രകാരവും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സ.ഉ. (സാധാ) നം.1364/2023/ധന. ഉത്തരവ് പ്രകാരവും അനുവദിച്ചിട്ടുണ്ട്.<br><br>ജീവനക്കാരുടെ ഡി.എ കുടിശ്ശിക എത്രയെന്ന് കണക്കാക്കിയിട്ടില്ല.<br><br>സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുവാനുള്ള തുക, വിവിധ തരത്തിലുള്ള മറ്റ് കുടിശ്ശികകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | ട്രഷറിയിൽ നിലവിൽ എന്ത് തുക മിച്ചമുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ